ഇതിൽ പാലക്കാട്, പത്തനംതിട്ട, കൊടുങ്ങല്ലൂർ, അട്ടൂർ, അടിമാലി, ചുള്ളിക്കൽ, അങ്കമാലി, കുത്താട്ടുകുളം, അങ്ങാടിപ്പുറം, നീലേശ്വരം എന്നീ പീപ്പിൾസ് ബസാറുകൾ അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളവയാണ്. കൂടാതെ കണ്ണൂർ ജില്ലയിലെ കണ്ണൂർ സൂപ്പർമാർക്കറ്റും കൊല്ലം ജില്ലയിലെ കൊട്ടിയം സൂപ്പർമാർക്കറ്റും പാരിപ്പള്ളി സൂപ്പർമാർക്കറ്റും പീപ്പിൾസ് ബസാറുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പച്ചക്കറികളും മറ്റ് ഉപഭോക്തൃ താൽപര്യ ഉൽപ്പന്നങ്ങളും, മിൽമ, കയർ ബോർഡ്, മീറ്റ് പോഡക്ട്സ് ഓഫ് ഇൻഡ്യ തുടങ്ങിയ സർക്കാർ കമ്പനികളുടേതടക്കമുള്ള ഒരു കുടുംബത്തിന് ആവശ്യമായ വിവിധ ബ്രാന്റുകളിലുള്ള എല്ലാ ഉൽപന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകവഴി ഉപഭോക്താക്കൾക്ക് മികച്ച സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ സാധിക്കുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ, എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോദ്ധ്യപ്പെട്ട് തൃപ്തിയായി തെരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും പീപ്പിൾസ് ബസാറുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പച്ചക്കറിയും മറ്റ് പ്രാദേശിക ഉപഭോക്തൃ താൽപര്യ ഉൽപ്പന്നങ്ങളും ഈ സപ്ലൈകോയുടെ വിൽപന കേന്ദ്രങ്ങളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ കർഷകർക്ക് നൽകേണ്ട നെല്ലിന്റെ സംഭരണവില

205 (3955) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ നിന്നും കുഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്രയുക നൽകുവാനുണ്ട് എന്നും യുക എന്ന് കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന സമയത്തുതന്നെ നെല്ലിന്റെ വില കർഷകർക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ നിന്നും കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ മുഴുവൻ തുകയും നൽകി കഴിഞ്ഞു.

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് കഴിയുന്നത്ര വേഗത്തിൽ സംഭരണ വില കർഷകർക്ക് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

സപ്ലൈകോയുടെ ലാഭനഷ്ടങ്ങൾ

206 (3956) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡി നിരക്കിൽ വിൽക്കുന്ന സാധനങ്ങളുടെ വില പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് സപ്ലൈകോ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സപ്ലൈകോയ്ക്കുണ്ടായ ലാഭനഷ്ടങ്ങൾ സാമ്പത്തികവർഷം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വില പുതുക്കി നിശ്ചയിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി)

സാമ്പത്തിക വർഷം	നഷ്ടം (കോടിയിൽ)
2011-12	23.96
2012-13	80.90
2013-14 (പ്രൊവിഷണൽ)	89.11

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly